©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വ്യാഴം
Thiruvananthapuram,
Thursday

2025 സെപ്റ്റംബർ 11
11th September 2025
1201 ചിങ്ങം 26
26th Chingam 1201
1947 ഭാദ്രം 20
20th Bhadra 1947

നമ്പർ
No. 3233

ഫോറം നമ്പർ 7
[റൂൾ 18(1)]

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള വിജ്ഞാപനം

റഫ് : DCKNR/2532/2023-C1 *2025 സെപ്റ്റംബർ 10*

കേരള സർക്കാർ 04.12.2015 തീയ്യതിയിലെ ജി ഒ (പി)നമ്പർ 649/2015/ആർ ഡി നമ്പർ വി ജ്ഞാപനപ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ) തലശ്ശേരിയെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നും വില നടപടിപ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും,

ആയതിൻപ്രകാരം ഡെപ്യൂട്ടി കളക്ടർ (എൽ.എ) കളക്ടേറ്റ്, കണ്ണൂർ പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കാര്യനിർവ്വാഹകനായി നിയോഗിക്കപ്പെട്ടതിനാലും,

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് ധർമ്മടം മണ്ഡലത്തിലെ മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം /ടർഫ് ഗ്രൗണ്ട് നിർ മ്മിക്കുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതുകൊണ്ടും,

ആയത്കൊണ്ട്, ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുനസ്ഥാപത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താൽപര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയ്യതി മുതൽ അറുപത് ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഇത് സംബന്ധിച്ച് പൊതു അറിയിപ്പ് നൽകിയ ശേഷം അറുപത് ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പൊന്നും വിലയ്ക്കെടുക്കുന്ന ഭൂമിയിന്മേൽ ഭൂരേഖയുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം, എന്തെങ്കിലുമുണ്ടെങ്കിൽ, രേഖാമൂലമുള്ള പ്രസ്താവന സഹിതം സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ) തലശ്ശേരി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലപരിധിക്കു ശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും /ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിന്മേലുള്ള താൽപര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും/ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ് സൈറ്റായ www.kannur.nic.in ൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരുന്നത്)

ജില്ല- കണ്ണൂർ *താലൂക്ക്- കണ്ണൂർ*

അംശം-മുഴപ്പിലങ്ങാട് *ദേശം- മുഴപ്പിലങ്ങാട്*

ക്രമ നമ്പർ	സർവ്വെ നമ്പർ	വിവരണം	വിസ്തീർണ്ണം (ഹെക്ടറിൽ)	ഏതു പൊതു ആവശ്യത്തിന് എന്ന്	ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട കാരണം	കൈവശക്കാരുടെ വിവരങ്ങൾ
1	151/3 151/10	തോട്ടം	0.2458	ഇൻഡോർ സ്റ്റേഡിയം/ ടർഫ് ഗ്രൗണ്ട് നിർമ്മിക്കുന്നതിന്	കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടതില്ല.	സുവർണ്ണ, സ്വർണ്ണ നിവാസ്, പഴയതെരു, മുഴപ്പിലങ്ങാട്, കുളംകടവ് റോഡ് 1.ഡാനിയേൽ 2. ദിവ്യ മുദ്ര നിവാസ്, കെട്ടിലകം ബീച്ച്, മുഴപ്പിലങ്ങാട് സനിത സ്വപ്നക്കൂട്, കെട്ടിലകം ബീച്ച്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

						മുഴപ്പിലങ്ങാട് 1. ബാബു കെ കെ 2. വിദ്യാ ബാബു, ശരത് വില്ല, കെട്ടിലകം ബീച്ച്, മുഴപ്പിലങ്ങാട്

<u>സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം</u>

കണ്ണൂർ ജില്ലയിൽ കണ്ണൂർ, തലശ്ശേരി താലൂക്കുകളിൽ ഉൾപ്പെടുന്ന അഞ്ചരക്കണ്ടി, ചെമ്പിലോട്, മുഴപ്പിലങ്ങാട്, പെരളശ്ശേരി, ധർമ്മടം, വേങ്ങാട്, പിണറായി എന്നീ പഞ്ചായത്തുകളിലായി ഇൻഡോർ സ്റ്റേഡിയം/ ടർഫ് ഗ്രൗണ്ട് നിർമ്മിക്കുന്നതിന്റെ ആവശ്യത്തിലേക്കായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട എസ് ഐ എ യൂണിറ്റ്, RFCTLARR Act 2013, Kerala RFCTLARR Rule 2015 എന്നിവ പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുകയും ആയത് സംബന്ധിച്ച റിപ്പോർട്ട് വിലയിരുത്തി വിദഗ്ധ സമിതി ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതിന് ശുപാർശ സമർപ്പിക്കുകയും ചെയ്തിരുന്നു.

ആവശ്യമായ വ്യായാമം ചെയ്യാനുള്ള സാഹചര്യക്കുറവ് മൂലം ശാരീരിക ക്ഷമത കൈവരിക്കുവാൻ പ്രയാസമുള്ള യുവതലമുറ ഉൾപ്പെടെ ജീവിതശൈലി രോഗങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇൻഡോർ സ്റ്റേഡിയം/ ടർഫ് ഗ്രൗണ്ട് യാഥാർത്ഥ്യമാക്കുന്നതോടെ ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിച്ചെടുക്കാൻ സാധ്യമാക്കുന്നതാണ് . പ്രസ്തുത ഭൂമി ഏറ്റെടുക്കലിൽ ഭാഗമായി കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ വേണ്ടി വരുന്നില്ല . ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യത്തിന് ആയതിനാലും പാരിസ്ഥിതിക ആഘാതം വളരെ കുറഞ്ഞതിനാൽ പകരം സ്ഥലം കണ്ടെത്തേണ്ടത് ഇല്ലാത്തതിനാലും ഏറ്റെടുക്കുന്ന സ്ഥലം പ്രസ്തുത ആവശ്യത്തിന് ആവശ്യമായ ഏറ്റവും കുറഞ്ഞ സ്ഥലം ആയതിനാലും നിർദ്ദിഷ്ട സ്ഥലം ഏറ്റെടുക്കാവുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. പ്രസ്തുത സ്ഥലം ഏറ്റെടുക്കേണ്ടതിനാൽ പാരിസ്ഥിതിക്കോ കൃഷിക്കോ പൊതുജനങ്ങൾക്കോ യാതൊരു ആഘാതവും ഇല്ല എന്നു കാണുന്നു.

(ഒപ്പ്/-)
ജില്ലാ കളക്ടർ, കണ്ണൂർ

<u>വിശദീകരണ കുറിപ്പ്</u>

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.)

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 19.09.2015-മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും പ്രസ്തുത ചട്ടങ്ങളിലെ റൂൾ 18 പ്രകാരം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി ഗ്രാമീണ നഗര പ്രദേശങ്ങളായി തരം തിരിച്ച് വിശദ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

മേൽ ആവശ്യം കൈവരിക്കാൻ ഉദ്ദശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.11 08:09:33 +05:30